**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - *220 10/10/2011 ൽ മറുപടിയ്ക്ക്

വയനാട്ടിലെ ആദിവാസിമേഖലകളിലെ വികസന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>" സി. മമ്മൂട്ടി<br>" പി.ബി. അബ്ദുൾ റസാക്<br>" പി. കെ. ബഷീർ | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും<br>കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | വയനാട്ടിലെ ആദിവാസികളുടെ വികസനവും, പുനരധിവാസവും ലക്ഷ്യമിട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) & (ബി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികളിൽ ഭൂരിഭാഗവും സംസ്ഥാനമൊട്ടുക്ക് നടപ്പിലാക്കുന്ന വിധത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ താഴെപ്പറയുന്ന പദ്ധതികൾ വയനാട് ജില്ലയ്ക്ക് ഊന്നൽ നൽകി നടപ്പിലാക്കുന്നവയാണ്.<br>1. വയനാട് ജില്ലയിൽ പൂക്കോട് എന്ന സ്ഥലത്ത് പ്രവർത്തിച്ചുവരുന്ന ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനായി 2011-12- ലെ ബഡ്ജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>2. വയനാട് ജില്ലയിലെ കല്പറ്റ താലൂക്കിൽ ഉൾപ്പെട്ട എടപ്പെട്ടിയിൽ പ്രവർത്തിച്ചുവരുന്ന അംബേദ്കർ മെമ്മോറിയൽ റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡെവലപ്മെന്റ് എന്ന സ്ഥാപനത്തിന് (AMRID) സഹായം നൽകുന്നതിനായി 2011-12 വർഷത്തിൽ 8 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br>3. പ്രാക്തനഗോത്രവർഗ്ഗക്കാരുടെ സമഗ്ര ഉന്നമനത്തിനായി പതിമൂന്നാം ധനകാര്യകമ്മീഷൻ പ്രഖ്യാപിച്ച 148 കോടി രൂപയുടെ ധനസഹായം വയനാട്, കോഴിക്കോട്, കാസർഗോഡ്, തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ വിനിയോഗിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | ഇതിനാവശ്യമായ ഫണ്ട് ശ്രൂപീകരണത്തിന്റെ വിശദാംശം നല്കുമോ? | | |

സെക്ഷൻ ഓഫീസർ